ഫീഡർ തസ്തികയിൽ നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ അഭാവം കാരണമാണ് ടെക്സ്റ്റ് ബുക്ക് ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (എൻ.എം.), അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ അക്കൗണ്ട്സ് ഓഫീസർ/അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർ തസ്തികകളിലെ എല്ലാ ഒഴിവുകളും പ്രൊമോഷൻ വഴി നികത്തുവാൻ കഴിയാതെ വന്നിട്ടുള്ളത്. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിന് സാങ്കേതിക തടസ്സമില്ല.

ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പ്രൊമോഷൻ

235(2591) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷം സർവീസ് പൂർത്തിയാക്കിയിട്ടുള്ള ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ സീനിയറാക്കി പ്രൊമോട്ട് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

&

(ബി) ഹയർ സെക്കണ്ടറിയിൽ വർഷങ്ങളുടെ സർവ്വീസുള്ളവർ ക്ലാസ്സുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും ജൂനിയറായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പിരീഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ തസ്തികകൾ നിശ്ചയിക്കപ്പെടുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ അദ്ധ്യാപനം നടത്തേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനേക്കാൾ (45600-95600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിൽ (55200-115300). എന്നിരുന്നാലും, ജൂനിയർ അദ്ധ്യാപകന്റെ സേവന കാലയളവ് പരിഗണിച്ച് 8 വർഷം ആകുമ്പോൾ ഹയർ ഗ്രേഡും (55200-115300) 15 വർഷം ആകുമ്പോൾ സെലക്ഷൻ ഗ്രേഡും (56500-118100) അനുവദിച്ച് നൽകി വരുന്നുണ്ട്.

വൊക്കേഷണൽ ഹയർസെക്കണ്ടറിയിലെ അസിസ്റ്റന്റ് ഡയറക്ടർമാരുടെ നിയമനം

236(2592) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly